344/ലക/18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഇ22-8961/GL/2018/സിഇ/തസ്വഭവ

തീയതി. 18/12/2018

# സർക്കുലർ

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - പ്രൊബേഷൻ, കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പണം - സംബന്ധിച്ച്

സൂചന : ഈ ഓഫീസിലെ 21.07.2018-ലെ ഇതേ നമ്പർ സർക്കുലർ

ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഒന്നാംതരം ഓവർസിയർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ വരെയുള്ള ജീവനക്കാരുടെ 2018 വർഷത്തിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ് ഓഫീസർമാർ ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം തങ്ങളുടെ ഓഫീസിൽ ഹാജരായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കി റിവ്യൂവിംഗ് ഓഫീസർക്ക് തൊട്ടടുത്ത ദിവസം അയയ്ക്കേണ്ടതും, ആയത് റിവ്യൂവിംഗ് ഓഫീസർമാർ യഥാവിധി റിവ്യൂ ചെയ്ത് ജനുവരി 15-ന് മുൻപ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്. സെൽഫ് അപ്രൈസൽ തയ്യാറാക്കുന്നതിന് സൂചന പ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതും, മേൽ പ്രകാരം ജീവനക്കാരുടെ പ്രവർത്തനം സൂക്ഷ്മതയോടെ പരിശോധിക്കേണ്ടതും, ടിയാൻമാരുടെ ഹാജർനില, expenditure, പാർട്ട് ബിൽ നൽകൽ, സാങ്കേതികാനുമതി നൽകൽ, work awarding, വിജിലൻസ് കേസുകൾ, പരാതികൾ, മെമ്മോകൾ ഇവകളിൽ സ്വീകരിച്ച നടപടികൾ, കീഴോഫീസുകളിലുള്ള പരിശോധനകൾ എന്നിവയെല്ലാം പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ A, B, C, D എന്നീ ക്ലാസുകൾ തിരിക്കേണ്ടതുമാണ്. അതാത് റിപ്പോർട്ടിംഗ് ഓഫീസർമാർ തങ്ങളുടെ കീഴിൽ എത്ര ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട് എന്നും, അത്ര തന്നെ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് നൽകാൻ തയ്യാറാകാത്ത ഓഫീസർമാരുടെ പേരുവിവരം നിയന്ത്രണാധികാരികൾ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## റിപ്പോർട്ടിംഗ് / റിവ്യൂവിംഗ്

| | | | |
|---|---|---|---|
| 1) | അസിസ്റ്റന്റ് എഞ്ചിനീയർ | – | ജനുവരി 4 |
| 2) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | – | ജനുവരി 5 |
| 3) | എക്സിക്യൂട്ടീവ് എഞ്ചിനീയർ | – | ജനുവരി 7 |
| 4) | സൂപ്രണ്ടിംഗ് എഞ്ചിനീയർ | – | ജനുവരി 8 |

മേൽ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരും നിയന്ത്രണാധികാരികളും കർശനമായി പാലിക്കേണ്ടതാണ്. മേൽ നിർദ്ദേശം പാലിക്കാത്ത ജീവനക്കാർ / നിയന്ത്രണാധികാരികൾ എന്നിവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ചീഫ് എഞ്ചിനീയർ

P 1702